DISCIPLES GOOD NEWS
Preaching the Good News to the End of the Earth

# ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്

എല്ലാ ആഴ്ചയും പ്രസിദ്ധീകരിക്കുന്ന ന്യൂസ്പേപ്പർ

VOL . 8 ISSUE 29.
DATE OF PUBLICATION
28-10-2017 SATURDAY

Price. ₹.10/- Pages 8

REGISTERED NEWS PAPER
Reg.No.KERMAL/2009/32384
POSTAL REG.NO: KL/TLA/230/2016-18
LICENCE NO: KL/TLA/WPP/179/2016-18

''GO THEREFORE AND MAKE DISCIPLES OF ALL THE NATIONS'' (MATHEW 28:19)

എല്ലാദിവസവും അപ്ഡേറ്റ് ചെയ്യപ്പെടുന്നതായ വാർത്തകൾക്ക് സന്ദർശിക്കുക www.disciplesnews.com, www.miraclesnews.com

## നൈജീരിയായിൽ ക്രൈസ്തവ ഗ്രാമത്തിൽ ആക്രമണം, 28 മരണം

**പ്ലേ**റ്റോ: നൈജീരിയായിൽ മുസ്ലീം ഫുലാനി വിഭാഗക്കാരായ തീവ്രവാദികൾ ക്രൈസ്തവരുടെ ഗ്രാമത്തിൽ നടത്തിയ റെയ്ഡിനെത്തുടർന്നുണ്ടായ ആക്രമണത്തിൽ 28 പേർ മരിച്ചു. പ്ലേറ്റോ സംസ്ഥാനത്ത് മിയാൻഗോ ജില്ലയിൽ നികഡോറോൺ ഗ്രാമത്തിൽ ഒരു സംഘം ആയുധധാരികളായ തീവ്രവാദികൾ നടത്തിയ വെടിവെയ്പിലാണ് ക്രൈസ്തവ സ്ത്രീകളും കുട്ടികളുമടക്കം 28 പേർ മരിച്ചത്.



കന്നുകാലികളെ മേയ്ക്കുന്ന ഗോത്രവിഭാഗക്കാരായ ഇസ്ലാമിക തീവ്രവാദികളാണ് ആക്രമണത്തിനു പിന്നിലെന്ന് ക്രിസ്ത്യൻ അസ്സോസിയേഷൻ ഓഫ് നൈജീരിയ മിയാഗോസോണൽ കോ-ഓർഡിനേറ്റർ റവ. ആൻഡ്രു ഒകേബി പറഞ്ഞു. മേഖലയിൽ തീവ്രവാദികളുടെ സാന്നിദ്ധ്യം മണത്തറിഞ്ഞ നൈജീരിയൻ സൈനിക ഉദ്യോഗസ്ഥൻ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവരോട് രാത്രിയിൽ ഒരു സ്കൂളിൽ ഒളിവിൽ കഴിയുവാൻ ആവശ്യപ്പെട്ടു. പുരുഷന്മാർ മറ്റു സ്ഥലങ്ങളിലും അഭയം തേടി. ഏറെ നേരത്തെ പെട്രോളിങ്ങിനു ശേഷം സൈന്യം തിരികെ പോയ തക്കം നോക്കി തീവ്രവാദികൾ എത്തി ഗ്രാമവാസികൾക്കു നേരെ നിറയൊഴിക്കുകയായിരുന്നുവെന്ന് രക്ഷപെട്ട ദൃക്സാക്ഷികൾ പറഞ്ഞു.

സൈന്യത്തിന്റെ അലംഭാവത്തിൽ 28 ജീവിതങ്ങളാണ് പൊലിഞ്ഞുതീർന്നത്. നിരവധി പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ ഗ്രാമവാസികളായ മുസ്ലീങ്ങളും ഉൾപ്പെടുന്നു. കൃഷിക്കാരായ ക്രൈസ്തവരും ഫുലാനി മുസ്ലീങ്ങളും തമ്മിൽ വർഷങ്ങളായി വൈരത്തിലാണ്. ഈ വർഷം തന്നെ ക്രൈസ്തവർക്കെതിരെ 30-ഓളം ആക്രമണങ്ങൾ നടക്കുകയുണ്ടായി. 250 പേർ കൊല്ലപ്പെടുകയും നൂറുകണക്കിനു വീടുകൾ അഗ്നിക്കിരയാകുകയും ചെയ്തു.

## സൗത്ത് ആഫ്രിക്കയിൽ പാസ്റ്ററുടെ ജഡം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി

**ജോ**ഹന്നാസ്ബർഗ്ഗ്: സൗത്ത് ആഫ്രിക്കയിൽ പാസ്റ്ററുടെ ജഡം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി. ജോഹന്നാസ്ബർഗ്ഗിനു 50 മൈൽ അകലെ മഗലീസ് ബർഗിൽ ഒക്ടോബർ 16-നു ലൈഫ് ഇൻ ക്രൈസ്റ്റ് നെറ്റ് വർക്ക് എന്ന സഭയുടെ പാസ്റ്റർ മാർട്ടിൻ ബെനകി (45) ന്റെ ജഡമാണ് കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തിയത്. ഒരു ഫാമിനുള്ളിൽ മാർട്ടിന്റെ ഇരു കൈകളും പിന്നോട്ട് ബന്ധിച്ച് കത്തിക്കരിഞ്ഞ നിലയിലാണ് ജഡം കണ്ടെത്തിയതെന്ന് പ്രദേശവാസി പോലീസിനോടു പറഞ്ഞു. പോലീസ് എത്തി ജഡം പരിശോധിച്ച് ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. പാസ്റ്റർ മാർട്ടിൻ ലൈഫ് ഇൻ ക്രൈസ്റ്റ് നെറ്റ് വർക്ക് സഭയുടെ സ്ഥാപകനും പ്രസിഡന്റുമാണ്. ഇദ്ദേഹത്തിനു ഭാര്യയും രണ്ടു പെൺമക്കളുമുണ്ട്. കൊലപാതകമെന്നു സംശയിക്കുന്നു. പോലീസ് കൂടുതൽ അന്വേഷണം നടത്തി വരികയാണ്. പാസ്റ്റർ മാർട്ടിന്റെ ജഡം ഫാമിൽ കണ്ടെത്തിയതിൽ ദുരൂഹതയുണ്ട്. പെട്ടന്നു തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ജഡം കത്തിക്കരിഞ്ഞിരുന്നു. വിശദമായ അന്വേഷണത്തിലാണ് ജഡം തിരിച്ചറിഞ്ഞത്.



*പാസ്റ്റർ മാർട്ടിൻ ബെനകി*

## ഛത്തീസ്ഗഢിൽ ഞായറാഴ്ച സഭായോഗത്തിൽ വർഗ്ഗീയ വാദികളുടെ ആക്രമണം, 9 പേർക്ക് പരിക്ക്

**ബ**സ്തർ: ഛത്തീസ്ഗഢിൽ ഞായറാഴ്ച സഭായോഗം നടക്കുന്നതിനിടയിൽ ഹിന്ദു വർഗ്ഗീയവാദികൾ അതിക്രമിച്ചു കയറി നടത്തിയ ആക്രമണത്തിൽ 9 വിശ്വാസികൾക്കു പരിക്കേറ്റു. ഒക്ടോബർ 15-ന് ഞായറാഴ്ച ദന്തേവാഡ ജില്ലയിലെ ജസ്പാർ ഗ്രാമത്തിലെ ക്രൈസ്റ്റ് മൂവ്മെന്റ് ചർച്ചിന്റെ ആരാധനാ യോഗത്തിനിടയിലായിരുന്നു അതിക്രമം. 300-ഓളം വരുന്ന ഹിന്ദു വർഗ്ഗീയവാദികൾ വടികളുമായെത്തി സഭായോഗം തടസ്സപ്പെടുത്തുകയും വിശ്വാസികളെല്ലാവരും ക്രൈസ്തവ വിശ്വാസം ഉപേക്ഷിച്ച് മടങ്ങിവരണമെന്ന് ആവശ്യപ്പെട്ടു ബഹളം വെച്ചു. ഇതു നിരസിച്ചതിനെത്തുടർന്നു സ്ത്രീകളെയും കുട്ടികളയുമടക്കം വിശ്വാസികളെ പുറത്തേക്കു വലിച്ചിഴച്ചുകൊണ്ടുവന്നു മർദ്ദിക്കുകയും വടികളുപയോഗിച്ച് തല്ലിച്ചതയ്ക്കുകയുമായിരുന്നു.



*ബസ്തർ ചർച്ച്*

അക്രമികൾ സഭാഹാളിനുള്ളിലെ ഫർണിച്ചറുകൾ നശിപ്പിക്കുകയും ചെയ്തു. 9 പേർക്ക് ഗുരുതരമായി പരിക്കേറ്റു. ഇവരിൽ രാജു സോദി, സംഗീത കർത്തമി

*ശേഷം പേജ് 2 ൽ*

## ക്രൈസ്തവ വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിച്ചതിനെ എതിർത്ത 14 – കാരനെ പോലീസ് മർദ്ദിച്ചു കൊന്നു

**ലാ**ഹോർ: ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ പാക്കിസ്ഥാനിൽ ഒരു രക്തസാക്ഷികൂടി. അർസലൻ മസി (14) എന്ന വിദ്യാർത്ഥിയാണ് നിയമപാലകരുടെ ക്രൂരമായ മർദ്ദനത്തിലും പീഢനത്തിലും കൊല്ലപ്പെട്ടത്. ഒക്ടോബർ 9-ന് തിങ്കളാഴ്ച പാക്കിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിൽ ഷെയ്ക്കുപുര ജില്ലയിലെ ജുബ്രാൻമാണ്ടി ഗ്രാമത്തിലാണ് ദാരുണമായ സംഭവമുണ്ടായത്. മുഷതാക് മസി എന്ന ക്രൈസ്തവ വിശ്വാസിയുടെ മകനാണ് അർസലൻ മസി. അർസലൻ സ്കൂൾ വിട്ട് ഐഡിയൽ സയൻസ് അക്കാഡമി എന്ന സ്വകാര്യ ട്യൂഷൻ സെന്ററിൽ പഠിക്കാനായി



*അർസലൻ മസിയുടെ ചേതനയറ്റ ശരീരം മടിയിൽവച്ചു വിലപിക്കുന്ന മാതാവ്*

ഇരിക്കുമ്പോൾ വൈകിട്ട് 5 മണിയോടുകൂടി ബൈഹുചൗക്ക് പോലീസ് സ്റ്റേഷനിലെ ഒരു സംഘം പോലീസുകാർ വാനിൽ ട്യൂഷൻ

*ശേഷം പേജ് 2 ൽ*

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്
Vol.8. Issue 29
2017 October 28



എഡിറ്റോറിയൽ

# എല്ലായ്പ്പോഴും സന്തോഷിക്കുൻ

ചീഫ് എഡിറ്റർ
ഷാജി. എസ്
ഫോൺ : 9895464665
shaji@disciplesministry.com
സബ് എഡിറ്റർ
ഓംപ്രകാശ്

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുപ്പ് പ്രാപിച്ച് അവന്റെ മക്കളായിത്തീർന്ന ദൈവജനം ഈ ഭൗമിക ജീവിതത്തിൽ മറ്റുള്ളവരേക്കാൾ ഏറെ വ്യത്യസ്തത ഉള്ള ജനമാണ്. അവിശ്വാസികളേക്കാൾ ജീവിതത്തിൽ വളരെ മാറ്റങ്ങൾ സംഭവിച്ചവരും രൂപാന്തിരം പ്രാപിച്ചവരുമാണ് ദൈവത്തിന്റെ മക്കളായ നമ്മൾ. ആ മാറ്റം നമ്മുടെ ഹൃദയത്തിൽ പ്രകടമാകണം. ഹൃദയത്തിൽ പ്രകാശിക്കുന്ന ചൈതന്യം നമ്മുടെ മുഖത്ത് തെളിയണം. ദൈവമക്കളുടെ മുഖം എപ്പോഴും പ്രസന്നതയുള്ളതായിരിക്കണം. അത് മറ്റുള്ളവർക്ക് തിരിച്ചറിയുവാൻ കഴിയണം. അപ്പോസ്തോലനായ പൗലോസ് എഴുതിയ ലേഖനത്തിൽ ഇപ്രകാരം പറയുന്നു "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു" (ഫിലി. 4:4). കർത്തൃവേലയിൽ വളരെ കഷ്ടങ്ങളും പീഢനങ്ങളും സഹിച്ച് വിശ്വസ്തതയോടെ തന്റെ ജീവിതം മുന്നോട്ടു നയിച്ചുകൊണ്ടിരുന്ന പൗലോസിന് വേണമെങ്കിൽ നിരാശയോടെ ജീവിതം തള്ളിനീക്കാമായിരുന്നു. എന്നാൽ കഷ്ടതകളിൽ കർത്താവിൽ സന്തോഷിക്കുന്ന ഈ കർത്തൃദാസൻ ദൈവവിശ്വാസികളേയും താൻ അനുഭവിക്കുന്ന ഈ ദിവ്യ അനുഭവത്തിലേക്കു കൈപിടിച്ചു നടത്തുകയാണ് ചെയ്യുന്നത്. ഒരു ദൈവപൈതലിന് എപ്പോഴും പ്രത്യാശ ഉണ്ടായിരിക്കണം. പ്രത്യാശയും, സഹിഷ്ണതയും ഉണ്ടാകുമ്പോൾ വരുവാനുള്ള വലിയ അനുഗ്രഹത്തേക്കുറിച്ച് ഹൃദയത്തിൽ സന്തോഷം ഉണ്ടാകും. ഈ അനുഭവം ഒരു ദൈവ പൈതലിന്റെ മുഖത്ത് പ്രകാശിക്കും.

ഇന്ന് പെന്തക്കോസ്തു വിശ്വാസികളായ പലരേയും നിരാശ നിറഞ്ഞവരായാണ് കാണുവാൻ കഴിയുന്നത്. എപ്പോഴും പരാതികളും ആവലാതികളും കൊണ്ട് ജീവിതം നയിക്കുന്ന ഇക്കൂട്ടരുടെ മുഖം കണ്ടാൽ ആർക്കും മനസ്സിലാകും ഇവർ നിരാശരാണെന്ന്. ഒരു സത്യക്രിസ്ത്യാനിയുടെ മുഖത്തെ തേജസ്സ് കണ്ടാൽ അറിയും ആ വ്യക്തി വളരെ സന്തോഷം അനുഭവിക്കുന്ന ഒരു ജീവിതത്തിന് ഉടമയാണെന്ന്. അത് മനസ്സിലക്കി ക്ലേശങ്ങൾ സഹിക്കുന്നവരും, പീഢിതരുമായ അനേകർ സന്തോഷം അനുഭവിക്കുന്നവരുടെ അനുഭവ ജീവിതത്തിലും പങ്കാളികളാകുന്നു.

മനുഷ്യന്റെ ഈ നവ്യ അനുഭവം ഏതൊരാളും ആഗ്രഹിക്കുന്നു. ആരും ദുഃഖിക്കുവാനും, നശിച്ചുപോകുവാനും കർത്താവ് ആഗ്രഹിക്കുന്നില്ല. എല്ലാവരും പ്രത്യാശ നിറഞ്ഞവരായി ജീവിതത്തിൽ സന്തോഷം അനുഭവിക്കുന്നവരായിത്തീരണമെന്നാണ് നമ്മേക്കാളും നമ്മുടെ കർത്താവ് ആഗ്രഹിക്കുന്നത്. ദൈവവചനം ഏതൊരു വ്യക്തിയേയും രൂപാന്തിരപ്പെടുത്തുന്നു. പാപത്തിൽനിന്നും ശാപത്തിൽ നിന്നും കരകയറുന്നവർ തികച്ചും സന്തോഷവാന്മാരാണ്. അവർ ഏറ്റവും വലിയ ഒരു അനുഗ്രഹത്തിന്റെ ഉടമകളാണ്. അവർക്ക് അടങ്ങിയിരിപ്പാൻ കഴിയുകയില്ല. അവരുടെ ഭാവി ഒരിക്കലും നഷ്ടമാകില്ല. മഹാ പ്രതിഫലത്തിനായി അവർ കാത്തിരിക്കുന്നു. ഈ മഹാസന്തോഷം ഏതൊരു വ്യക്തിയുടെയും മുഖത്ത് ദൃശ്യമാകും.

**പാസ്റ്റർ ഷാജി.എസ്**

## 1-ാം പേജിൽനിന്നു തുടർച്ച... വിശ്വാസം ഉപേക്ഷിക്കാൻ......

സെന്ററിനു മുന്നിൽ എത്തി. ഹെഡ്കോൺസ്റ്റബിൾ ഇംതിയാസ്, ഡ്രൈവർ റഷീദ്, കോൺസ്റ്റബിൾ അർഷാദ് മറ്റു രണ്ടു പോലീസുകാർ എന്നിവർ ട്യൂഷൻ സെന്ററിന്റെ വാതിൽ ചവിട്ടിത്തുറന്ന് ക്ലാസ്സ് മുറിയിൽ കടന്നു അർസലനെ പിടിച്ചു വലിച്ചു പുറത്തുകൊണ്ടുവന്നു. തുടർന്ന് പോലീസ് കാപാലികന്മാർ ആ കൗമാരക്കാരനെ ക്രൂരമായി അടിക്കുകയും ചവിട്ടുകയും തോക്കുകൊണ്ട് തലയിൽ അടിക്കുകയും ചെയ്തു. ശരീരത്തിൽനിന്നും തലയിൽനിന്നും രക്തം വാർന്നൊഴുകുന്നതുകണ്ട ട്യൂഷൻ അദ്ധ്യാപകർ തടസ്സപ്പെടുത്താൻ ശ്രമിച്ചെങ്കിലും വിഫലമായി. അവശനായ അർസലനെ അരിശം തീരാത്ത പോലീസുകർ വാനിലേക്കു വലിച്ചിട്ടു. ക്രൂരമായ മർദ്ദനത്തിലും വീഴ്ചയിലും ബോധമറ്റ ആ കൗമാരക്കാരൻ വാനിലുള്ളിൽ കിടന്നു മരിച്ചു.

തുടർന്നു വാൻ പെട്ടന്നു മുന്നോട്ടു കുതിച്ചുപാഞ്ഞു. കുറച്ചകലെ അർസലന്റെ മൃതശരീരം ദുഷ്ടന്മാരായ ആ പോലീസുകാർ വഴിവക്കിലേക്കു വലിച്ചെറിഞ്ഞു കടന്നു കളഞ്ഞു. അർസലനെ മർദ്ദിക്കുന്നതും വാനിൽ കയറ്റി കൊണ്ടുപോയതും നേരിട്ടുകണ്ട ചിലർ പോലീസിനെതിരെ സാക്ഷ്യം പറഞ്ഞു. ഇവരെ പോലീസ് പിന്നീട് ഭീഷണിപ്പെടുത്തിയതായി വാർത്തകൾ വന്നു. തന്റെ മകനെ ഇത്രയ്ക്കു ക്രൂരമായി കൊലപ്പെടുത്തിയതെന്തിനെന്നു മനസ്സിലാകുന്നില്ലെന്ന് പിതാവ് മുഷ്താക്ക് കണ്ണുനീരോടെ വിതുമ്പുന്നു.

4 മാസങ്ങൾക്കു മുമ്പ് അർസലനും ഒരു മുസ്ലീം സഹപാഠിയും തമ്മിൽ തർക്കമുണ്ടായെന്നും ആ വിദ്യാർത്ഥി അർസലനെ ക്രിസ്തു വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിച്ചപ്പോൾ ഇരുവരും തമ്മിൽ വഴക്കുണ്ടായെന്നും ആരോപണമുണ്ടായിരുന്നു. അർസലനോടു വഴക്കുണ്ടാക്കിയ വിദ്യാർത്ഥിയുടെ അങ്കിൾ സർദാർ ഏലിയാസ് ബില്ലു എന്ന കോൺസ്റ്റബിളിന്റെ നിർദ്ദേശപ്രകാരമാണ് തന്റെ മകനെ പിടികൂടി മർദ്ദിച്ചു കൊലപ്പെടുത്തിയതെന്നു മുഷ്താക്ക് മസി ആരോപിക്കുന്നു. മുഷ്താക്ക് പ്രതികളായ 7 പോലീസുകാർക്കെതിരെ ഷെയ്ക്കുപുര സർദാർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിനെത്തുടർന്നു പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ഷെയ്ക്ക് പുര എസ്.പി. സർഫ്രാസ് വിർക് പ്രതികളായ പോലീസുകാരെ സസ്പെന്റു ചെയ്യുകയുണ്ടായി. കൊല്ലപ്പെട്ട അർസലനും കുടുംബവും പ്രസ്ബിറ്റീരിയൻ ചർച്ചിലെ അംഗങ്ങളാണ്. ജുബ്രാൻമാണ്ടി ഏരിയായിൽ 400 ഓളം ക്രിസ്ത്യൻ കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് പാസ്റ്റർ ഷഫ്ഖത്ത് പറഞ്ഞു. കഴിഞ്ഞ ആഗസ്റ്റ് 27-ന് പഞ്ചാബ് പ്രവിശ്യയിലെതന്നെ വെഹാരി ജില്ലയിൽ ഷാരൂൺ മസിഹ് (17) എന്ന ക്രിസ്ത്യൻ വിദ്യാർത്ഥിയും സമാനമായ വിഷയത്തിൽ ക്ലാസ്സ് മുറിയിൽ ഒരുകൂട്ടം മുസ്ലീം സഹപാഠികളുടെ ക്രൂരമായ മർദ്ദനത്തിൽ കൊല്ലപ്പെട്ടിരുന്നു.

## 1-ാം പേജിൽനിന്നു തുടർച്ച... ഛത്തിസ്ഗഢിൽ ആക്രമണം..

എന്നിവരുടെ പരിക്ക് മാരകമാണ്. ഇരുവർക്കും തലയ്ക്കു ഗുരുതരമായി പരിക്കേറ്റു. പരിക്കേറ്റ എല്ലാവരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ പോലീസിൽ പരാതി നൽകിയതിനെത്തുടർന്നു കേസെടുക്കുകയുണ്ടായി. സുവിശേഷ വിരോധികൾ മുമ്പും പ്രദേശത്ത് നിരവധി തവണ ഭീഷണികൾ ഉയർത്തിയിട്ടുണ്ട്. ക്രൈസ്തവർ ഭീതിയോടെയാണ് കർത്താവിനെ ആരാധിക്കുന്നത്. ദൈവമക്കൾ പ്രത്യേകം പ്രാർത്ഥിക്കുക.

ഡിസൈപ്പിൾസ് ഗുഡ് ന്യൂസ് പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും സ്ഥിരംപംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമാണ്.

പത്രാധിപർ

പത്രസംബന്ധമായ എല്ലാ വിഷയങ്ങൾക്കും ഞങ്ങളുമായി ബന്ധപ്പെടുക.

Office: 04792452420
Pr.Shaji : 09895464665
Pr.Aji David : 09847370509

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്ക് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലേഖനങ്ങളും പ്രാർത്ഥനാവിഷയങ്ങളും ഇപ്പോൾ ഇ-മെയിൽ വഴി അയയ്ക്കാവുന്നതാണ്. അതിനായി താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസങ്ങൾ ഉപയോഗിക്കുക.

ന്യൂസ് - news@disciplesministry.com
നിർദ്ദേശങ്ങൾ - info@disciplesministry.com
പ്രാർത്ഥനാവിഷയം -prayertower@disciplesministry.com
prayer@disciplesministry.com
എഡിറ്റർ - shaji@disciplesministry.com




എന്തതിശയമേ ദൈവത്തിൻ സ്നേഹം എന്ന രീതി

1. ഇന്നു പകൽ വിനയോരോന്നായ് വന്നെന്നാൽ
കർത്തനെ നിൻ ചിറകിൻ കീഴിൽ
ഭദ്രമായ് ശരണം നൽകിയതോർത്തു ഞാൻ
വന്ദിക്കുന്നാദരവായ് ഇന്നു

2. ശത്രുവിന്നസ്ത്രം പറക്കും പകലിലും
രാവിൻ ഭയങ്ങളിലും ഘോര
മാരിയോ പീഢയോ ലേശമേശാതെന്നെ
പാലിച്ചതെന്തത്ഭുതമായ്! ഇന്നു

3. കണ്ണീരിലാണ്ടു വലഞ്ഞു നിരാശയിൽ
ലോകർ ഞരങ്ങിടുമ്പോൾ - ദേവാ
എത്രയും മോദമായ് പാടുവാൻ നീ തന്നു
ഭാഗ്യമീ സാധുവിന്നു ഇന്നു

4. ഘോരമാം കൂരിരുളേറുന്നു പാരിതിൽ
നാഥനേ നീ വെളിച്ചം തൂകും
പൊൻ പ്രഭാതം വരും വേളവരെ നിന്നിൽ
വിശ്രമം തന്നിടേണം ഇന്നു

## ഇന്നു പകൽ വിനയോരോന്നായ്

### രചയിതാവ്: പി.പി. ജോർജ്ജ്, അങ്കമാലി

"തന്റെ തൂവലുകൾകൊണ്ട് അവൻ നിന്നെ മറയ്ക്കും അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു. രാത്രിയിലെ ഭയത്തേയും പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാ മാരിയേയും ഉച്ചയ്ക്കു നശിപ്പിക്കുന്ന സംഹാരത്തേയും നിനക്കു പേടിപ്പാനില്ല. സങ്കീ. 91: 4,5

സ്തോത്ര ഗീതങ്ങൾ മുതൽ 'സമാപനഗീതങ്ങൾ' വരെ ഇരുപത്തിയാറ് ശാഖകളായ് ആത്മീയ ഗാനങ്ങൾ രചിക്കപ്പെടുകയും തിരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ താരതമ്യേന ഏറ്റവും കുറവ് ഗാനങ്ങൾ രചിക്കപ്പെട്ടിട്ടുള്ള ശാഖയാണ് 'സന്ധ്യാ കീർത്തനങ്ങൾ'. എന്തുകൊണ്ട് ഇങ്ങനെ വന്നുപോയ് എന്നറിവില്ല. പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥിക്കുന്ന പതിവ് മിക്ക കുടുംബങ്ങളിലുമുണ്ട്. എന്നാൽ പ്രഭാത പ്രാർത്ഥന ഇല്ലാത്ത കുടുംബങ്ങളിൽ പോലും സന്ധ്യാ പ്രാർത്ഥന കഴിവതും മുടക്കാറില്ല. എന്നാൽ പതിനാലു പ്രഭാതഗാനങ്ങളുള്ള നമ്മുടെ പാട്ടു പുസ്തകത്തിൽ സന്ധ്യാ കീർത്തനങ്ങൾ നാല് മാത്രം.! കൂടെ പാർക്ക (റ്റി.കെ.), ദിവസവസാന സമയേ (റ്റി.കെ.എസ്.), ഇന്നു പകൽ മുഴുവൻ (പി.വി.റ്റി), ഇന്നു പകൽ വിനയോരോന്നായ് (പി.പി.ജി.) എന്നിവയാണീ ചതുർ ഗാനങ്ങൾ. പ്രഭാത കീർത്തനങ്ങൾ പ്രഭാതത്തിൽ പാടുന്ന പതിവുള്ളതു പോലെ സന്ധ്യാ കീർത്തനങ്ങൾ മാത്രം സന്ധ്യയിങ്കൽ പാടുന്ന പതിവില്ലാത്തതാകാം കാരണം. ഈ കുറവ് പരിഹരിക്കാനെന്നവണ്ണം ആഴ്ചയിലെ ഏഴു ദിവസങ്ങളുടെ കണക്കനുസരിച്ച് ഏഴ് പ്രഭാത ഗാനങ്ങളും ഏഴ് സന്ധ്യാ കീർത്തനങ്ങളും ഗാനരചയിതാവായ സഹോ. പി.ജെ. ആന്റണി എഴുതിയിട്ടുള്ളതായി അറിയാം. എന്നാലവയൊന്നും ഗാനസമാഹരണങ്ങളിൽ ചേർത്തു കാണുന്നില്ല. ഗാനങ്ങൾ കുറവുള്ള ശാഖകൾ തിരഞ്ഞു കണ്ടെത്തി വിപുലപ്പെടുത്തി എടുക്കാനുള്ള ഗവേഷണ ശ്രമങ്ങളൊന്നും നമുക്കില്ലതാനും.

സന്ധ്യാ കീർത്തന ശാഖയിലെ നാലു ഗാനങ്ങളിൽ ഒന്ന് സംഭാവന ചെയ്തിട്ടുള്ള ഗാനരചയിതാവാണ് അങ്കമാലി സ്വദേശിയായ സഹോ. പി.പി. ജോർജ്ജ്. വാളകത്ത് പള്ളിപ്പാട്ടു തോട്ടത്തിൽ സഹോ. പി.പി. പൈലിയുടെയും, ഏലിയാമ്മ പൈലിയുടെയും മകനാണ്. 1943 ആഗസ്റ്റ് 15നു പിറന്ന ഇദ്ദേഹം പിന്നീടാണ് അങ്കമാലിയിൽ സ്ഥിരതാമസമാക്കിയത്. യാക്കോബായ സഭയിലായിരുന്ന മാതാപിതാക്കൾ പരേതനായ സി. റ്റി. മത്തായിച്ചൻ മുഖാന്തിരം വിശ്വസത്തിലേക്കും ബ്രദറൺ സഭാ കൂട്ടായ്മയിലേക്കും വരികയും ചെയ്തു. സഹോ. ജോർജ്ജ് 1950-ൽ പരേതനായ കെ.ജി. കുര്യച്ചന്റെ യോഗത്തിൽ രക്ഷിക്കപ്പെടുകയും 1953-ൽ പരേതനായ ഇ.പി. വറുഗീസ് വല്യപ്പന്റെ കൈക്കീഴ് സ്നാനമേൽക്കുകയും ചെയ്തു. അങ്കമാലി പടിഞ്ഞാറെ (ബ്രദറൺ) സഭാ ബന്ധത്തിൽ തുടരുകയും ചെയ്തു വരുന്നു.

പഴയകാലം ബസ്സുകൾ എണ്ണത്തിൽ കുറവ്, വഴികൾ ദുർഘടം, യാത്രയും നന്നേ ക്ലേശകരം. ജോലിയോടുള്ള ബന്ധത്തിൽ യാത്രകൾ ധാരാളം. ഈ അവസ്ഥയിൽ നമ്മുടെ ഗാന രചയിതാവ് ഒരു നാൾ അങ്കമാലിയിൽ നിന്നും കോട്ടയത്തേക്ക് ബസ്സിൽ യാത്ര പോയി. യാത്രാ മദ്ധ്യേ താൻ സഞ്ചരിച്ചിരുന്ന ബസ്സ് വിനോദ സഞ്ചാരികളുടെ മറ്റൊരു ബസ്സുമായി കൂട്ടിയിടിച്ചു. വലിയൊരാപത്ത്. ഏറെ പരുക്കുകളും പ്രാണഹാനിയും സംഭവിക്കാമായിരുന്ന പ്രസ്തുത അപകടത്തിൽ നിന്നും യാതൊരുവിധ പരുക്കുകളുമേൽക്കാതെ ദൈവം തന്നെ കരുതി. തന്റെ ഹൃദയം നന്ദികൊണ്ടു നിറഞ്ഞു.

തുടർന്നുള്ള യാത്രാ ക്രമീകരണങ്ങൾ തരപ്പെടുന്നതിന് താമസം വന്നു. വഴിമദ്ധ്യേ ഏറെ നേരം തങ്ങേണ്ടതായ ആവശ്യം നേരിട്ടു. അത്തരുണത്തിൽ വഴിമദ്ധ്യേ നേരിട്ട അപകടത്തേയും ദൈവിക കരുതലിനേയും ധ്യാനിച്ചുകൊണ്ടിരിപ്പാൻ സംഗതിയായി. കർത്തൃ ചിറകിൻ കീഴിൽ ഭദ്രമായ് ലഭിച്ച ശരണത്തെ ഓർത്ത് ദൈവത്തെ വന്ദിക്കാൻ തനിക്ക് കഴിഞ്ഞു. ശത്രുവിന്നസ്ത്രം പറക്കും പകലിലും രാവിൻ ഭയങ്ങളിലും ഘോരമാരിയോ, പീഢയോ ലേശമേശാതെ പാലിച്ചെന്തത്ഭുതമായ് എന്ന് പിൻനോക്കി പറയാൻ തനിക്കായി. ആ വഴി മദ്ധ്യേ രുന്നുകൊണ്ട് തന്നെ ഇതിന്റെ എട്ടു വരികൾ കടലാസ്സിൽ കുറിച്ചു. പിന്നീട് വീട്ടിലെത്തിയതിനുശേഷം 'എന്തതിശയമേ' എന്ന രീതിയിലുള്ള ഈ ഗാനം മുഴുമിപ്പിക്കുകയും ചെയ്തു.

ഘോരമാം കൂരിരുളേറുന്ന
പാരിതിൽ
നാഥനേ! നീ വെളിച്ചം -
തൂകും
പൊൻ പ്രഭാതം വരും
വേളവരെ നിന്നിൽ
വിശ്രാമം തന്നിടേണം

എന്ന് പാടി എത്രയോ വിശ്വാസികൾ വിശ്വമാകെ ഉറക്കറയിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

**ആത്മീയ ഗാനങ്ങളുടെ പുതിയ ഉറവിടത്തിനായി അടുത്തലക്കം പ്രാർത്ഥനയോടെ കാത്തിരിക്കുക (തുടരും)**

5-ാം പേജിൽനിന്നു തുടർച്ച... മരുപ്രയാണ മദ്ധ്യേ ........

ആരാധിക്കുന്നവൻ ആരാധിക്കേണ്ട വിധം ദൈവത്തെ ആരാധിക്കേണം. അനുഗ്രഹിക്കപ്പെട്ടവൻ അനുഗ്രഹിക്കപ്പെട്ടവനായി തുടരുവാൻ ദൈവസന്നിധിയിൽ ആരാധിക്കേണം. തുടർന്ന് യാക്കോബ് "യിസ്രായേൽ" എന്നും "യിസ്രായേൽ മക്കൾ" എന്നും അറിയപ്പെട്ടു. ഉൽപ്പത്തി 35:21-ൽ "പിന്നെ യിസ്രായേൽ യാത്ര പുറപ്പെട്ടു" എന്നു തന്നേ എഴുതിയിരിക്കുന്നു. ഒരു ദൈവപൈതൽ ആകേണ്ടുംവിധം ആയി ദൈവപൈതലായിത്തന്നെ ഈ ലോകത്തിൽത്തന്നെ ജീവിക്കണം. ഏതു കഷ്ടതയിലും സംരക്ഷണം നൽകുവാൻ ദൈവം കൂടെയുണ്ട്. കഷ്ടതകൾ വരുമ്പോൾ ആരാധനയും പ്രാർത്ഥനയും മതിയാക്കി പിന്മാറാതെ കൂടുതൽ ധൈര്യത്തോടെ കൃപാസനത്തോട് അടുത്തുചെന്ന് ശുദ്ധീകരണം പ്രാപിച്ചവരായി, നിറപ്പ് പ്രാപിച്ചവരായി ആരാധിച്ചാൽ വിടുതൽ തരുവാൻ നമ്മുടെ ദൈവം കരുണാസമ്പന്നനാണ്.

## കൊട്ടാരക്കര സെന്റർ കൺവൻഷൻ

കൊട്ടാരക്കര: ഐപിസി കൊട്ടാരക്കര സെന്റർ 17-ാമതു കൺവൻഷൻ നവംബർ 22-26 വരെ ബേർശേബാ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ഡാനിയേൽ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി. ബാബു, റ്റി.ജെ. ശാമുവേൽ, എബി ഐരൂർ, ബാബു ചെറിയാൻ, കെ.സി. തോമസ്, രാജു പൂവക്കാല എന്നിവർ പ്രസംഗിക്കും. സണ്ടേസ്കൂൾ, പി.വൈ.പി.എ., സോദരി സമാജം വാർഷിക യോഗവും നവംബർ 22-നു സുവിശേഷ റാലിയും ഉണ്ടായിരിക്കും. പാസ്റ്റർമാരായ ഡാനിയേൽ ജോർജ്ജ് ജനറൽ കൺവീനറും എ.ഒ. തോമസുകുട്ടി ജോ. കൺവീനറുമായി പ്രവർത്തിക്കുന്നു.

# ജാതികൾക്കും വെളിപ്പെട്ട ദൈവകരം

*റവ. റോയി സാം*

യഹോവയുടെ ഭുജം വെളിപ്പെട്ടിരിക്കുന്ന ഒരു മനുഷ്യനെ സംബന്ധിച്ച് അഥവാ ദൈവത്തിന്റെ കോപം വെളിപ്പെട്ടിരിക്കുന്ന ഒരുവന്റെ അവസ്ഥ ഇപ്രകാരമാണ്: "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരിക്കുന്നു". "അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനാണ്". അവന്റെ സൗന്ദര്യം പുഴുപോലെ ക്ഷയിച്ചുപോകുന്നു. വചനം പറയുന്നു "അകൃത്യം നിമിത്തം നീ മനുഷ്യനെ ദണ്ഡനങ്ങളാൽ ശിക്ഷിക്കുമ്പോൾ നീ അവന്റെ സൗന്ദര്യത്തെ പുഴുപോലെ ക്ഷയിപ്പിക്കുന്നു". (സങ്കീ. 38:11). "ദൈവം തന്റെ കൈ അവന്റെ മേൽ വച്ചിരിക്കകൊണ്ട് അവൻ തനിച്ച് മൗനമായി ഇരിക്കുന്നു". "അവന്റെ സകല സ്നേഹിതന്മാരും അവനെ മറന്നു പോകുന്നു''. എന്നാൽ ദൈവം തന്റെ കോപം കാണിക്കുകയും ശക്തി വെളിപ്പെടുത്തുകയും ചെയ്യുന്നത് പ്രധാനമായും തന്റെ സ്വന്ത ജനമായ യെഹൂദന്മാരിലാണ്. എന്നാൽ ദൈവം ജാതികളിൽനിന്നും മുന്നിയമിച്ച് വിളിച്ചു വേർ തിരിച്ച ചിലരിലും ദൈവത്തിന്റെ കരം വെളിപ്പെട്ടിരിക്കുന്നു എന്ന് വചനം പറയുന്നു. എന്തുകൊണ്ട് ദൈവം തന്റെ കോപം ഒരുവന്റെ മേൽ അയയ്ക്കുന്നു? വചനം പറയുന്നു "നിങ്ങളുടെ പാപങ്ങൾ നിമിത്തം ഞാൻ നിങ്ങളെ ഏഴു മടങ്ങ് ശിക്ഷിക്കും". വചനം പറയുന്നു ''നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തം ഞാൻ നിന്നെ ശത്രു അടിക്കുന്നതു പോലെയും ക്രൂരൻ ശിക്ഷിക്കുന്നതു പോലെയും അടിച്ചിരിക്കകൊണ്ട് അവർ നിന്നെ നോക്കുന്നില്ല" (യിരെ. 30:14). ദൈവകോപ ദണ്ഡനങ്ങളാൽ നിരന്തരമായ വേദന നിമിത്തം ദൈവത്തോടുതന്നെ നിലവിളിക്കുന്ന ഒരുവനോട് ദൈവം ഇങ്ങനെ പറയുന്നു: "നിന്റെ അകൃത്യത്തിന്റെ ആധിക്യം നിമിത്തവും പാപത്തിന്റെ പെരുപ്പം നിമിത്തവും അല്ലോ ഞാൻ ഇത് നിന്നോട് ചെയ്തിരിക്കുന്നത്" (യിരെ.30:15). എന്നാൽ യേശുവിനെക്കുറിച്ച് യെശയ്യാവ് 53–ന്റെ 2,3 ൽ പറഞ്ഞിരിക്കുന്നത് അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിത്തീർന്നു എന്നാണ്! എന്നാൽ യേശു നിന്ദിതനായിത്തീർന്നത് നാം നിമിത്തം ആണ്! നാം അനുഭവിക്കേണ്ട ശിക്ഷയും ദണ്ഡനവും യേശു താൻ നമുക്കുവേണ്ടി സ്വന്ത ശരീരത്തിന്മേൽ ഏറ്റെടുത്തതിനാൽ നമ്മൾ നിമിത്തം ആണ് യേശു നിന്ദിതൻ ആയിത്തീർന്നത് എന്ന് വചനം പറയുന്നു. "പാപം എന്തെന്ന് അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി". (2 കൊരി.5:21).

നാം ഏറ്റെടുക്കേണ്ട അതിക്രമങ്ങളും യേശു കർത്താവ് ഏറ്റെടുത്തതിനാലും നമ്മുടെ അകൃത്യങ്ങൾ നിമിത്തവും ആണ് താൻ തകർക്കപ്പെട്ടവനായും തീർന്നത് എന്നും, ദൈവം നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി എന്നും നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി എന്നും സത്യ വചനം നമുക്ക് വെളിപ്പെടുത്തുന്നു. പ്രിയമുള്ളവരെ നാം ഇന്നു അത്യധികമായി വലിയ നിന്ദകൾ അനുഭവിക്കാത്തതിന്റെയും, അത്യധികമായി ത്യജിക്കപ്പെടാതിരിക്കുന്നതിന്റെയും, അത്യധികം വ്യസനമുള്ളവരും, സ്ഥിരം രോഗം ശീലിച്ചവരായും ഇരിക്കപ്പെടാത്തതിന്റെയും കാരണം നമ്മെ സ്നേഹിച്ച വലിയവനായ ദൈവത്തിന്റെ കരുണ ഒന്നു മാത്രമാണ്. നാം അനുഭവിക്കേണ്ട സകല കോപ പ്രവാഹങ്ങളും ദൈവം തന്റെ പ്രിയ പുത്രന്റെ മേൽ ചുമത്തിയതിനാൽ, ആണ് നാം അത്യധികം തകർന്നവരായി തീരാത്തത്. യേശു കർത്താവ് ക്രൂശിന്മേൽ സഹിച്ച പങ്കപ്പാടുകൾ ഓർത്താൽ, യേശു നമുക്കുവേണ്ടി നീതി നിവർത്തിപ്പാൻ സഹിച്ച നിന്ദയും പരിഹാസവും, യേശു സഹിച്ച വേദനകൾ ഓർത്താൽ അത് വർണ്ണനാതീതമാണ്! നാം ചിന്തിക്കുന്നതിലും വളരെ വേദനപ്പെട്ടതാണ്. നമ്മെ ദൈവകോപത്തിൽനിന്നും രക്ഷിപ്പാൻ വേണ്ടി താൻ അനുഭവിച്ച കഷ്ടങ്ങൾ ഓർത്താൽ നാം അതിന്റെ പകുതിപോലും അനുഭവിക്കേണ്ടതായി വന്നിട്ടില്ല. കാരണം നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻ ഏറ്റെടുത്തു നമ്മുടെ സമാധാനം യേശു മൂലം വന്നിരിക്കയാൽ, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കയാൽ, യേശു മൂലം നാം എല്ലാ വിധത്തിലും രക്ഷിക്കപ്പെട്ടിരിക്കുകകൊണ്ട്, യേശുമൂലം നമുക്ക് നിത്യ ജീവൻ നൽകേണം എന്ന വലിയവനായ സ്വർഗ്ഗീയ പിതാവായ ദൈവത്തിന്റെ ഇഷ്ടം അവനിൽ വിശ്വാസമർപ്പിച്ച നമ്മിൽ വെളിപ്പെടുവാനിരിക്കുന്നു.

എന്നാൽ ദൈവം തന്റെ കോപം കാണിപ്പാനും, ശക്തി വെളിപ്പെടുത്തുവാനും ജാതികളിൽനിന്നും ചിലരെയും മുൻ നിയമിച്ചതിന്റെ ഉദ്ദേശ്യം: "ദൈവം തന്റെ തേജസിന്റെ അത്യന്ത ധനം അവരിൽ വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചാണ്" എന്നു പറയുന്ന വചനം വീണ്ടും ഇപ്രകാരം ജാതികളോട് പറയുന്നത്: "നിങ്ങൾ എന്റെ ജനമല്ല എന്ന് പറഞ്ഞ ഇടത്തിൽ അവർ ജീവനുള്ള ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും". എന്നാൽ ദൈവം ജാതികളിൽനിന്നും മുൻ നിയമിച്ചു വിളിച്ച കരുണാപാത്രങ്ങളായ നമുക്ക് ദൈവം തന്ന ഉന്നത പദവി: നാം "ജീവനുള്ള ദൈവത്തിന്റെ മക്കൾ" എന്നുള്ളതാണ്. യിസ്രായേൽ പൗരതയോട് ജഡപ്രകാരം സംബന്ധമില്ലാതിരുന്ന നമ്മെ ദൈവം വാഗ്ദത്ത പ്രകാരം 'തന്റെ മക്കൾ' എന്നു വിളിച്ചിരിക്കുന്നു. അതിനാൽ ഒരു ദൈവപൈതൽ അറിയുക നമ്മെ ഉപദ്രവിക്കുന്നവർക്ക് ഉള്ള പ്രതികാരം അത് നമുക്കുള്ളതല്ല, അത് സാക്ഷാൽ ദൈവത്തിനുള്ളതാണ്. വചനം പറയുന്നു: "മക്കളെങ്കിലോ അവകാശികളും ആകുന്നു". "ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും" തന്നേ. വചനം പറയുന്നു: "കഷ്ടം അനുഭവിക്കാനും നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു". ദൈവം നമ്മെ മുൻ നിയമിച്ച് കണ്ടതിന്റെ ഉദ്ദേശ്യം: വചനം പറയുന്നു "തന്റെ ദിവ്യ സ്വരൂപത്തോട് നാം അനുരൂപപ്പെടുവാനും, തന്റെ ദിവ്യ സ്വഭാവത്തിന് നാം കൂട്ടാളികളായിത്തീരുവാനും'' ആണ്. ഒരു ദൈവപൈതലിന് എന്തുകൊണ്ടാണ് ഈ ഭൂമിയിൽ കഷ്ടത ഉള്ളത്? എന്നാൽ നാം അറിയുക: ദൈവം തന്റെ മക്കൾക്ക് ഒരുക്കിയിരിക്കുന്ന നിത്യ തേജസ്സിനും, കണ്ടിട്ടില്ലാത്ത വലിയ സൗഭാഗ്യങ്ങൾക്കും നാം അർഹരാകേണ്ടവരാണെങ്കിൽ കഷ്ടത നാം കടന്നേ മതിയാകു. ദൈവത്തെ അറിയാത്ത ഈ ലോകർ ഈ ഭൂമിയിൽ ആനന്ദിക്കുന്നു, ആഘോഷിക്കുന്നു. എന്നാൽ അവരുടെ ഓഹരി, ദൈവത്തെ അറിയാത്തവരുടെ ഓഹരി ഈ ആയുസ്സിൽ മാത്രമാണ്. ദൈവം നമുക്ക് ഒരുക്കിയിരിക്കുന്ന നിത്യ സ്വസ്ഥതയിൽ നാം






# വിടുതൽ നൽകുന്ന ദൈവം

മേരി ഷാജി

ദൈവഭക്തന്മാർ തങ്ങളുടെ കഷ്ടതയിലും സന്തോഷത്തിലും എല്ലായ്പോഴും ദൈവത്തെ സ്തുതിക്കുന്നവരും ആരാധിക്കുന്നവരുമാണ്. ദിവസത്തിൽ ഒരു പ്രാവശ്യമോ, ആഴ്ചയിൽ ഒരു പ്രവശ്യമോ അല്ല ദൈവത്തെ ആരാധിക്കുന്നത്. എല്ലായ്പ്പോഴും സ്തോത്രത്തോടും സ്തുതിയോടും കൂടെ ദൈവമക്കൾ ആയിരിക്കണം. ഈ ലോകത്തിൽ നാം ആയിരിക്കുമ്പോൾ ജഡത്തിന്റെ ഇച്ഛപ്രകാരം നടക്കുമ്പോൾ ജഡത്തിൽ കഷ്ടത വരാം. ആത്മാവിന്റെ ഹിതപ്രകാരം ദൈവവേല ചെയ്തുകൊണ്ട് ആയിരിക്കുമ്പോൾ ആ വിധത്തിലും കഷ്ടതകൾ വരാം. കഷ്ടതകളിൽ ദൈവത്തെ സ്തുതിച്ച് ആരാധിക്കുമ്പോൾ ദൈവം സമാധനവും സന്തോഷവും വിടുതലും തരും.

ദീന എന്ന മകളുടെ കാരണം മറ്റു മക്കൾ തങ്ങൾ വസിച്ചിരുന്ന ദേശത്തിൽ ക്രൂരപ്രവർത്തികൾ, ചെയ്തപ്പോൾ, അന്യ ജാതിക്കാരുടെ മുമ്പിൽ താൻ നിന്നിതൻ ആകും, നശിച്ചു പോകും എന്നു ഭയപ്പെട്ടു പകച്ചുപോയ യാക്കോബിനോട് ദൈവം ഇങ്ങനെ അരുളിച്ചെയ്തു "അനന്തരം യഹോവ യാക്കോബിനോട് നീ പുറപ്പെട്ടു ബഥേലിൽ ചെന്നു പാർക്ക, നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽ നിന്ന് നീ ഓടിപ്പോകുമ്പോൾ നിനക്ക് പ്രത്യക്ഷനായ ദൈവത്തിന് അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കൽപ്പിച്ചു''. (ഉൽപ്പത്തി 35:1). ബേഥേൽ യാക്കോബിന് സുപരിചിതമായ സ്ഥലം. തന്റെ നിരാശ്രയത്തിന്റെയും, നിരാലംബത്തിന്റെയും മദ്ധ്യത്തിൽ ദൈവം ഇറങ്ങി വന്നു വാഗ്ദത്തം നൽകി, അത് നിറവേറ്റി അനുഗ്രഹിച്ച സ്ഥലം. ദൈവത്തിന്റെ ആലയമായി യാക്കോബ് കണ്ട, ജീവനുള്ള ദൈവത്തെ, തന്റെ പിതാക്കന്മാരുടെ ദൈവത്തെ ആരാധിച്ച സ്ഥലം, ദൈവത്തിന്റെ ആലയം ഉള്ള സ്ഥലം അതാണ് ബഥേൽ. (ഉൽപ്പത്തി 28:20-21). ബഥേൽ എന്നാൽ ദൈവത്തിന്റെ ഭവനം എന്നർത്ഥം. അത് ദൈവം വസിക്കുന്നിടം, ദൈവത്തിന്റെ ആലയം തന്നെ എന്നു യാക്കോബ് പറയുന്നു. യാക്കോബിന്റെ നിന്ദയുടെയും, കഷ്ടതയുടെയും നടുവിൽ ദൈവം അവനോട് അരുളിച്ചെയ്തത്, ദൈവത്തിന്റെ ആലയത്തിലേക്കു ചെന്ന് യാഗപീഠം ഉണ്ടാക്കുവാനാണ്. അതായത് ആലയത്തിലേക്ക് വന്ന് ആരാധന കഴിപ്പാൻതന്നെ. യാഗപീഠം ഉണ്ടാക്കുമ്പോഴാണ് ആരാധന വെളിപ്പെടുന്നത്. ഹൃദയം ദൈവത്തിന്റെ സന്നിധിയിൽ അല്ലാത്തിടത്തോളം നമ്മിൽനിന്നു സത്യാരാധന വെളിപ്പെടുകയില്ല. ഹൃദയം ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ പകരപ്പെടുമ്പോൾ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയപ്പെട്ട ആരാധന വെളിപ്പെടുന്നു. ദൈവഹിതപ്രകാരം ജീവിതം ക്രമീകരിച്ചശേഷം ആയിരിക്കണം ദൈവത്തെ ആരാധിക്കേണ്ടത്. ക്രമീകരിക്കപ്പെടാത്ത, തനിക്ക് ബോധിച്ചതുപോലെ ജീവിക്കുന്ന, ക്രമംകെട്ടവരിൽനിന്നുള്ള ആരാധന ദൈവത്തിന് പ്രസാദകരമല്ല. ദൈവഹിതപ്രകാരം ശുദ്ധീകരണം പ്രപിച്ചതിനുശേഷം കഴിക്കുന്ന ആരാധനയിൽ പ്രസാദിച്ചാണ് ദൈവം വാഗ്ദത്തങ്ങൾ നിറവേറ്റിത്തരുന്നതും, ശത്രുവശത്തു നിന്ന് നമ്മെ വിടുവിക്കുന്നതും, മറ്റുള്ള ജാതികൾ ദൈവം നമ്മോടുകൂടെയുള്ളതു കണ്ടു ഭയപ്പെടുവാനിടയാകുന്നതും. "അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും, കൂടയുള്ളവരോടും നിങ്ങളുടെ യിടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ''. (ഉൽപ്പത്തി 35:2). ആരാധനയ്ക്കായി ഉള്ള വിളി ലഭിച്ച യാക്കോബ് താൻ ഏകനായ് അല്ല അതിനുള്ള ഒരുക്കങ്ങൾ നടത്തിയത്. കുടുംബത്തോടും കൂടെയുള്ള എല്ലാവരോടുംകൂടെത്തന്നെ ജീവനുള്ള ദൈവത്തെ ആരാധിക്കുവാനായി അവർ ഒരുങ്ങി. ദൈവത്തോടു പാപം ചെയ്യുന്നതായ ഓരോ കാര്യങ്ങളും ഭവനത്തിൽനിന്നും വ്യക്തികളിൽനിന്നും നീക്കി, വ്യക്തികളായ്ത്തന്നെ ഓരോരുത്തരും വിശുദ്ധിക്കായ്ത്തന്നെ തങ്ങളെ സമർപ്പിക്കുകയുംഒരുക്കപ്പെടുകയും ചെയ്തു. പാപം നിമിത്തം അശുദ്ധമായ നീതിയുടെ വസ്ത്രം അത് ആരാധനയ്ക്കു മുമ്പായ് പശ്ചാത്താപമുള്ള കണ്ണുനീരിനാൽ നനയപ്പെട്ട് കർത്താവായ യേശുക്രിസ്തുവിന്റെ ശുദ്ധരക്തത്താൽ കഴുകി ശുദ്ധി പ്രാപിച്ച വെണ്മയുള്ള പുതിയ നീതിയുടെ വസ്ത്രധാരികളായി വേണം ഓരോ ദൈവമക്കളും ദൈവത്തെ ആരാധിക്കുവാൻ. "വിശുദ്ധ വസ്ത്രാലങ്കാരത്തോടെ യഹോവയെ നമസ്കരിക്കുവിൻ". എന്നു സങ്കീർത്തനത്തിൽ (96:9)ൽ ദൈവജനത്തെ ആഹ്വാനം ചെയ്യുന്നു. ദൈവത്തോടുള്ള അനുസരണത്തിലും ദൈവവചനാടിസ്ഥാനത്തിലും ജീവിതം നയിക്കുകയും, ആരാധന കഴിക്കുകയും ജീവിതം നയിക്കുകയും ചെയ്യുന്ന ദൈവമക്കൾക്കേ വാഗ്ദത്ത നിവൃത്തി പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. തന്റെ ജഡീകമായ കഷ്ടതയിൽ ശുദ്ധീകരണത്തോടെ വചനാടിസ്ഥാനപ്രകാരം ആരാധന അർപ്പിച്ച യാക്കോബ് തന്റെ കഷ്ടതയിൽനിന്നു വിടുതൽ പ്രാപിക്കുകയും, വാഗ്ദത്തം ദൈവം പുതുക്കി നൽകുകയും ചെയ്തു. യാക്കോബ് ആരാധനയിൽക്കൂടി ദൈവത്തിന്റെ സംരക്ഷണവും, സാന്നിദ്ധ്യവും വെളിപ്പാടും, അനുഗ്രഹവും അനുഭവിച്ചു. "യിസ്രായേൽ" എന്നു അവനു യാബോക്കിന്റെ കടവിൽവച്ചു ദൈവദൂതനോടു മല്ലിട്ടു ജയിച്ചതുകൊണ്ടു ഒരു പേരു ലഭിച്ചു എങ്കിലും ആ പേരിനനുസൃതമായ അനുഗ്രഹം അവൻ പ്രാപിച്ചില്ലായിരുന്നു. "യിസ്രായേൽ" എന്നു അനുഗ്രഹത്തിന്റെ ഒരു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന അനുഭവങ്ങൾ അവന്റെ കുടുംബത്തിൽ ഉണ്ടായിരുന്നതും ദൈവഹിത പ്രകാരം ശുദ്ധീകരണം പ്രാപിക്കാഞ്ഞതും നിമിത്തം "യിസ്രായേൽ" എന്ന പേരിൻ പ്രകാരം അവന്റെ ജീവിതത്തിൽ അർത്ഥവത്തായ അനുഭവങ്ങൾ ഉണ്ടായില്ല. അവൻ യാക്കോബ് എന്നു തന്നെ അറിയപ്പെട്ടു. അവന്റെ ജീവിത പ്രവർത്തികളും അനുഭവങ്ങളും യാക്കോബിന്റേതു തന്നെ ആയിരുന്നു. എന്നാൽ ദൈവത്തെ ആരാധിക്കേണ്ടതുപോലെ ആരാധിച്ചപ്പോൾ "യിസ്രായേൽ" എന്നു അവൻ വിളിക്കപ്പെടുവാനും അറിയപ്പെടുവാനും തുടങ്ങി. അവന്റെ ജീവിതം പേരുപോലെതന്നെ അനുഗ്രഹമായി. "ദൈവം അവനോട് നിന്റെ പേർ യാക്കോബ് എന്നല്ലോ, ഇനി നിനക്ക് യാക്കോബ് എന്നല്ല യിസ്രായേൽ എന്നു തന്നെ പേര് ആകണം എന്നു കൽപ്പിച്ച് യിസ്രായേൽ എന്നു പേരിട്ടു". (ഉൽപ്പത്തി 35:10). യിസ്രായേൽ എന്നു തന്നെ പേരാകണം, അതിനു മാറ്റം ഉണ്ടാകരുത്.

*ശേഷം പേജ് 3 ൽ* ▶

*4-ാം പേജിൽനിന്നു തുടർച്ച......*

പ്രവേശിക്കണമെങ്കിൽ നാം ദിവ്യസ്വഭാവം ഉള്ളവരായിരിക്കണം.

നാം യേശുകർത്താവിന്റെ സ്വഭാവം ഉള്ളവർ ആയിരിക്കണം. വചനം പറയുന്നു: "അവൻ തന്നത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു". അങ്ങനെ നാമും സകലത്തിലും അനുസരണമുള്ളവരായി തീരുമ്പോൾ ദൈവം നമ്മെ ഉയർത്തുവാൻ ഇടയാകും. നമ്മുടെ ഇഹലോക ജീവിത യാത്രയിൽ കഷ്ടങ്ങളാൽ പോരാട്ടം കഴിക്കേണ്ട സാഹചര്യങ്ങളും നിന്ദകളും പരിഹാസങ്ങളും കടന്നു വരാം. ഇഹലോക ജീവിത യാത്രയിൽ നമ്മുടെ വസ്ത്രത്തിനുപോലും ക്ഷയം, മാലിന്യം, വാട്ടം ഇവ ഉണ്ട്. എന്നാൽ ദൈവം നമ്മെ വീണ്ടും ജനിപ്പിച്ചത്: കറ, ചുളുക്കം, വാട്ടം എന്നിവ ഇല്ലാത്തതുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തേജസ്സിനാൽ തേജസ്സു പ്രാപിച്ച വരായി സൗഭാഗ്യകരമായ വലിയ അവകാശങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ ഇഹലോക ജീവിത യാത്രയിൽ വിവിധ തരത്തിലുള്ള വൈഷമ്യ ധരണികളെ നേരിടേണ്ടി വരുമ്പോൾ ഓർക്കുക അതിനു പിന്നിൽ ദൈവം നമുക്കു വലിയ അനുഗ്രഹങ്ങളും, ഒരു കണ്ണു കണ്ടിട്ടില്ലാത്തും, ഒരു ചെവി കേട്ടിട്ടില്ലാത്തതും ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നിയിട്ടില്ലാത്തതുമായ വൻ കാര്യങ്ങൾ ദൈവം ഒരുക്കിയിരിക്കുന്നു. ഒരു കയ്പ്പ് ഇല്ലെങ്കിൽ മധുരത്തിന് എന്തു സവിശേഷത എന്നതു പോലെ നമുക്ക് കഷ്ടത എന്ന കയ്പ്പ് ഇഹലോക യാത്രയിൽ ഉണ്ടെങ്കിലും ഭൂമിയിൽ ദൈവം നമുക്ക് ഒരുക്കുന്ന മധുരം അതിമഹത്തായ നിത്യ സന്തോഷം ആണ്. നമ്മെ സ്നേഹിച്ച ദൈവത്താൽ നാം ഭാഗ്യകരമായ അവകാശങ്ങൾക്കുവേണ്ടി വിളിക്കപ്പെട്ടിരിക്കുമ്പോൾ നാം വീഴാതെവണ്ണം ആ നിത്യ സ്വസ്ഥതയിൽ പ്രവേശിപ്പാൻ വചനം നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനു ഒത്തവണ്ണം വീഴാതിരിക്കേണ്ടതിനു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക''. പ്രത്യാശയുടെ നങ്കൂരം നമ്മിൽ നിറച്ച ദൈവത്തോടുള്ള സ്നേഹം നമ്മിൽ വർദ്ധിക്കുമാറാകട്ടെ.

❄ ❄

# ചിന്താവിഷയം

## വേദനകൾക്കുമപ്പുറം

(വായനാഭാഗം. യോഹന്നാൻ.15:1-8, 15: 8)

**18**-ാം നൂറ്റാിലെ ദൈവത്തിന്റെ വിലയേറിയ പ്രവർത്തകനായ ജോൺ വാർ തന്റെ സഹപ്രവർത്തകന്റെ പെട്ടെന്നുള്ള മരണത്തിലും തളരാതെ അനേകർക്ക് ഒരനുഗ്രഹമായിരുന്നു കൊ് അനേകരെ ക്രിസ്തുവിലേക്ക് നയിച്ചു.

> "നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു."

യോഹന്നാൻ 15:8 ൽ നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു. പ്രസംഗിക്കുവാനും, പാടുവാനും, പഠിപ്പിക്കുവാനും കഴിയാത്ത ക്രിസ്ത്യാനികളെ ഈ വാക്യം സുവിശേഷ പ്രവർത്തനത്തിനായി പോകുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്താറു്. എന്നാൽ അവർക്കും പല സാഹചര്യങ്ങളിലും ഫലം കായ്ക്കുന്ന പ്രവർത്തികൾ ചെയ്യാൻ കഴിയും. അങ്ങനെ ചില ,സാഹചര്യങ്ങളിൽ ദൈവം നമ്മെ ഓർക്കാറു്. നിങ്ങളുടെ ജീവിതംകൊും നാവുകൊും ക്രിസ്തുവിനെ സാക്ഷീകരിക്കണം. അങ്ങനെ നമുക്ക് ഫലം കായ്ക്കാൻ കഴിയും.

7-ാം പേജിൽ നിന്നു തുടർച്ച... സകല ബുദ്ധിയെയും കവിയുന്ന .......

യും പുതിയ ആത്മാവിനെയും സമ്പാദിച്ചുകൊൾവീൻ, ആകയാൽ നിങ്ങൾ മനംതിരിഞ്ഞു ജീവിച്ചുകൊൾവീൻ" (യെഹ. 18:31,32).

നിങ്ങളെത്തന്നെ ശുദ്ധീകരിപ്പീൻ, യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും" (യോശുവ 3:5).

ദുഷ്ടലോകത്തിനു പിന്നാലെ ഓടിക്കൊണ്ടിരിക്കുന്ന നമ്മൾ നമ്മളെത്തന്നെ ശുദ്ധീകരിച്ച് ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ ദൈവം തന്റെ ശക്തിയാൽ നമ്മെ നിറയ്ക്കും. നമ്മുടെ കണ്ണുനീരുകളെ അവൻ തുടയ്ക്കും. നമ്മെ നേർപാതയിൽ വഴിനടത്തും. നമ്മുടെ ആവശ്യങ്ങൾ എന്തുതന്നെ ആയാലും സ്തോത്രത്തോടെ അത് ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ തീർച്ചയായും ദൈവം കേൾക്കുന്നു. ജീവിതത്തിൽ കഴിഞ്ഞ നാളുകളിൽ ദൈവം ചെയ്ത അത്ഭുതങ്ങൾ ഓർത്ത് ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നും സ്തോ ത്രങ്ങൾ കരേറ്റുമ്പോൾ ആകുലതകളെ ആട്ടിപ്പായിച്ചുകൊണ്ട് സകല ബുദ്ധിയെയും കവിയുന്ന ദിവ്യമായ സമാധാനത്താൽ ദൈവം നമ്മെ നിറയ്ക്കും.

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയായും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തേശുവിങ്കൽ കാക്കും." (ഫിലി. 4:6,7)

നമുക്ക് നമ്മുടെ ഹൃദയങ്ങളെ ഒന്നു പരിശോധിക്കാം. യേശുക്രിസ്തു തരുന്ന ഈ സമാധാനത്തിനാണോ നമ്മൾ ആഗ്രഹിക്കുന്നത്. നമ്മുടെ ഹൃദയങ്ങളെ കർത്താവിങ്കൽ സമർപ്പിക്കുമ്പോൾ തീർച്ചയായും ലോകത്തിന് തരുവാൻ കഴിയാത്ത സമാധാനത്താൽ യേശു നമ്മളെ വഴിനടത്തും.



# ആരോഗ്യം

നിങ്ങളറിയാൻ



## ക്യാൻസർ: പഞ്ചസാരയ്ക്കും സുപ്രധാന പങ്കുണ്ടെന്ന് ഗവേഷകർ



**ല**ണ്ടൻ: ഇന്നു ലോകത്തെ മാരകമായി കാർന്നു തിന്നുന്ന ഒരു രോഗമാണ് ക്യാൻസർ. വൈദ്യശാസ്ത്രത്തിനു വലിയ പ്രതീക്ഷ ഉളവാക്കുന്ന ഒരു കണ്ടുപിടുത്തമാണ് ഒരു സംഘം ശാസ്ത്രജ്ഞർ നടത്തിയിരിക്കുന്നത്. പഞ്ചസാരയുടെ ഉപയോഗം ക്യാൻസർ സെല്ലുകളുടെയും, ട്യൂമറിന്റെ വളർച്ചയെയും സഹായിക്കുകകരയാണ് ചെയ്യുന്നതെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നു. കാത്തോലിക്കേ യൂണിവേഴ്സിറ്റി ലിയുവൻ ബെൽജിയം കഴിഞ്ഞ ഒമ്പതു വർഷമായി നടത്തിയ ഗവേഷണത്തിലാണ് ക്യാൻസർ ചികിത്സയ്ക്ക് വഴിത്തിരവുണ്ടാക്കുന്ന പുതിയ കണ്ടുപിടുത്തം നടത്തിയത്. പഞ്ചസാര കുറയ്ക്കുന്നതിനായി കൃത്യമായ ഭക്ഷണം ക്രമീകരിച്ചാൽ ക്യാൻസർ രോഗത്തിന്റെയും ട്യൂമറിന്റെയും വളർച്ചാ വേഗം കുറയ്ക്കാൻ കഴിയുമെന്നു ഗവേഷകൻ ജോഹൻ തിവലീൻ അഭിപ്രായപ്പെടുന്നു. പഞ്ചസാര ക്യാൻസർ സെല്ലുകളെ വേഗത്തിൽ അപകടാവസ്ഥയിലാക്കുമെന്നും ട്യൂമറിനെ വളർത്തുമെന്നുമാണ് കണ്ടെത്തിയിരിക്കുന്നത്. ഈ ഗവേഷണം ക്യാൻസർ ചികിത്സയുടെ ഭാവിയിലേക്കുള്ള വഴികാട്ടിയാണെന്നും കൂടുതൽ കണ്ടുപിടുത്തങ്ങൾക്ക് സഹായകരമാണെന്നും ശാസ്ത്രജ്ഞർ കണക്കു കൂട്ടുന്നു. ഗവേഷകർ രോഗികളിൽ ഭക്ഷണ ക്രമീകരണങ്ങളിൽ മാറ്റം വരുത്തി നടത്തിയ പരീക്ഷണങ്ങൾക്കൊടുവിലാണ് പഞ്ചസാര നമുക്ക് അപകടം വരുത്തി വെയ്ക്കുന്ന ഒരു പദ്രാർത്ഥമാണെന്ന് കണ്ടെത്തിയിരിക്കുന്നത്.

8-ാം പേജിൽ നിന്നു തുടർച്ച..... ടെൻഷൻ അടിക്കുമ്പോൾ..........

നിയുടെ അവകാശവാദം. പതുപതുത്ത കുഷ്യനുകൾകൊണ്ടു നിർമ്മിച്ചിരിക്കുന്ന, നമ്മുടെ തലോടലിന് അനുസരിച്ച് വാലാട്ടുന്ന ഒരു കുഷ്യനാണ് ഈ ജാപ്പനീസ് കമ്പനി തയ്യാറാക്കിയിരിക്കുന്നത്. എട്ട് മണിക്കൂർ വരെ ചാർജ്ജിംഗ് നിലനിൽക്കുന്ന ഇതിൽ യു.എസ്.ബി. വഴിയാണ് ചാർജ്ജ് ചെയ്യുന്നത്. ഈ തലയിണയിൽ സ്നേഹത്തോടെ ഒന്നു തലോടുക മാത്രം. തിരികെ സ്നേഹം കാണിക്കുന്നത് വാൽ ഇളക്കി അട്ടി പ്രതികരിച്ചുകൊണ്ടാണ്. 2018 ജൂണിൽ ഈ തലയില്ലാ തലയിണകൾ വിപണിയിലെത്തിക്കാനാണ് കമ്പനി ശ്രമിക്കുന്നത്. ഈ തലയിണയുടെ വില നൂറു ഡോളറാണ്. ഇന്ത്യയിൽ ഏകദേശം ഏഴായിരത്തോളം രൂപ വരുമെന്നാണ് പ്രതീക്ഷ. ഹസ്കി ഗ്രേ, ഫ്രഞ്ച് ബ്രൗൺ എന്നീ രണ്ടു കളറുകളിൽ ഇവ ലഭ്യമാകും.

## ശുഭദിന സന്ദേശം ലഭ്യമാക്കുവിൻ

ആത്മീക ചൈതന്യം പകരുന്ന ക്രിസ്തീയ ശുഭദിന സന്ദേശം ശ്രവിപ്പിൻ. എല്ലാ ദിവസവും രാവിലെ 3-4 മിനിറ്റ് ദൈർഘ്യമുള്ള ആത്മീക ഓഡിയോ സന്ദേശം ലഭിക്കുവാനായി ഇപ്പോൾത്തന്നെ ഞങ്ങളുടെ 00919895464665 എന്ന വാട്സ്ആപ് നമ്പരിലേക്ക് നിങ്ങളുടെ വാട്സ്ആപ് നമ്പറിൽനിന്നും മെസ്സേജ് അയച്ച് ആവശ്യപ്പെടുവിൻ. തീർച്ചയായും ദൈവം നിങ്ങളുടെ ജീവിതത്തിനു ആത്മ സന്തോഷവും രൂപാന്തിരവും വരുത്തുവാനിടയാകും.



## സോദരി സമാജം സംസ്ഥാന ക്യാമ്പ് നാലാഞ്ചിറയിൽ

**കു**മ്പനാട്: ഐപിസി കേരളാ സ്റ്റേറ്റ് സോദരി സമാജം വാർഷിക ക്യാമ്പ് നവംബർ 26-28 വരെ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യുവൽ സെന്ററിൽ നടക്കും. "ക്രിസ്തുവിലുള്ള നിറവ്" (എഫെ. 3:19) എന്നതായിരുന്നു ചിന്താവിഷയം. മേഴ്സി ഡാനിയേൽ, ഒമേഗ സുനിൽ, സൂസൻ ചെറിയാൻ, ഏലിയാമ്മ തോമസ്, ലില്ലി റെജി, എൽസി സാമുവേൽ, ജോയമ്മ ബേബി, ജോയമ്മ വർഗീസ് എന്നിവർ നേതൃത്വം നൽകും. 04954 14520.



# സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം

സിസ്റ്റർ ലിജി ജേക്കബ്, ഹ്യൂസ്റ്റൺ

**ജീവിതത്തിൽ കഴിഞ്ഞ നാളുകളിൽ ദൈവം ചെയ്ത അത്ഭുതങ്ങൾ ഓർത്ത് ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നും സ്തോത്രങ്ങൾ കരേറ്റുമ്പോൾ ആകുലതകളെ ആട്ടിപ്പായിച്ചുകൊണ്ട് സകല ബുദ്ധിയെയും കവിയുന്ന ദിവ്യമായ സമാധാനത്താൽ ദൈവംനമ്മെ നിറയ്ക്കും**

സമാധാനത്തിനുവേണ്ടി മനുഷ്യൻ പരക്കം പായുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സമാധാനത്തിനുവേണ്ടി ലോകത്തിന്റെ മോഹങ്ങളിലേക്ക് വിരഞ്ഞോടുന്നവർ അനുനിമിഷം വർദ്ധിച്ചുവരികയാണ്. പ്രയാസങ്ങളും പ്രതിസന്ധികളും പർവ്വതസമമായി മുമ്പിൽ കടന്നുവരുമ്പോൾ പലപ്പോഴും നാം നിരാശരായി പോകാറുണ്ട്. ഈ അവസ്ഥയിൽ നമ്മെ ആശ്വസിപ്പിക്കുവാനായി, ആകുലതയിൽ നിന്നും നമ്മെ വിടുവിക്കാനായി നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മോടൊപ്പമുണ്ട്. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. അത് ലോകം തരുന്നതുപോലെയല്ല എന്ന് അരുളിച്ചെയ്ത, നമ്മുടെ പാപങ്ങൾക്കുവേണ്ടി കാൽവറിക്രൂശിൽ യാഗമായിതീർന്ന ആ യേശുകർത്താവിന്റെ സ്നേഹം നമുക്കൊന്നു രുചിച്ചറിയാം. നമ്മുടെ ആകുലതയുടെ മദ്ധ്യേ എങ്ങനെയാണ് കർത്താവ് നമ്മെ സമാധാനിപ്പിക്കുന്നത് എന്ന് തിരുവചനം വായിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

“ഞാൻ നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ട് നടക്കുകയും മുഴങ്കാലിൽ ഇരുത്തി ലാളിക്കുകയും ചെയ്യും. അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. അത് കണ്ടിട്ട് നിങ്ങളുടെ ഹൃദയം സന്തോഷിക്കും” (യെശ. 66:22,13)

ഇങ്ങനെ ഒരു അചഞ്ചലമായ ഉറപ്പും കരുതലും സ്നേഹവും തരുവാൻ ഈ ലോകത്തിലെ ആർക്കുംതന്നെ സാധിക്കുകയില്ല. നമ്മെ എടുത്തുകൊണ്ടു നടക്കുകയും ലാളിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവ്, ആ സ്നേഹത്തിന്റെ മുമ്പിൽ നമ്മുടെ ഹൃദയങ്ങളെ വെള്ളംപോലെ പകരുമ്പോൾ കർത്താവ് തന്റെ സമാധാനത്തെ നമ്മുടെ മേൽ കല്പിക്കും. ദൈവസാന്നിദ്ധ്യം നമുക്കു മുമ്പായി യാത്ര ചെയ്യും. എന്തെന്നില്ലാത്ത ആ സമാധാനം നമ്മുടെ മേൽ ലഭിക്കും.

നമ്മെ ലാളിക്കുകയും സ്നേഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവ് ആഗ്രഹിക്കുന്നത് നമ്മൾ എങ്ങനെ ആയിത്തീരുവാനാണ്. നമ്മുടെ പാപങ്ങളിൽ നിന്നും അതിക്രമങ്ങളിൽനിന്നും എല്ലാം വിട്ടൊഴിഞ്ഞ് ഒരു പുതിയ സൃഷ്ടിയായി രൂപാന്തരപ്പെട്ട് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ഒരു വ്യക്തിയായിത്തീരുവാൻ കർത്താവ് നമ്മളെക്കുറിച്ച് ആഗ്രഹിക്കുന്നു.

“നിങ്ങൾ ചെയ്തിരിക്കുന്ന അതിക്രമങ്ങൾ ഒക്കെയും നിങ്ങളിൽനിന്ന് എറിഞ്ഞുകളവിൻ, നിങ്ങൾക്ക് പുതിയൊരു ഹൃദയത്തെ

ശേഷം പേജ് 6 ൽ ▶

## വൈവാഹിക പംക്തി

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.

പെന്തക്കോസ്ത് യുവതി, 29/162, ബി.കോം, എം.ബി.എ., മാതാപിതാക്കൾക്കൊപ്പം ദുബായിൽ താമസം, ഇപ്പോൾ നാട്ടിലുണ്ട്. വിദേശത്തു ജോലിയുള്ള പ്രൊഫഷണൽ യോഗ്യതയുള്ള അനുയോജ്യരായ യുവാക്കളുടെ ആലോചനകൾ ക്ഷണിക്കുന്നു. 89430 53574.

യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം പ്രതീക്ഷിക്കുന്ന 29 വയസ്സുള്ള നാടാർ പെന്തക്കോസ്ത് വനിതാ കോൺസ്റ്റബിളിന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. 98460 95420.

ചേരമർ പെന്തക്കോസ്ത് യുവതി, 33/163, എം.എസ്.സി., എം.എഡ്., അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജോലിയോടുകൂടിയ സുവിശേഷകരും ആകാം. 75948 41172, 98473 69442.

പെന്തക്കോസ്ത് (റ്റിപിഎം) യുവതി, 27/160, ബി.എസ്.സി. നേഴ്സ്, സൗദി മിനിസ്ട്രിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.79940 27232.

പെന്തക്കോസ്തു യുവതി, 24 വയസ്, ബി.എസ്.സി. കുവൈറ്റ് മിനിസ്ട്രിയിൽ നേഴ്സ്. വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. 86065 53396.

പെന്തക്കോസ്ത് യുവതി, 24/167, ബി.എസ്.സി. നേഴ്സ്, അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. 97446 98750.

യാക്കോബായിൽനിന്നും

പെന്തക്കോസ്തിൽ വന്ന യുവാവ്, 32/172, എസ്.എസ്.എൽ.സി, ഐറ്റിഐ, (മെഷീൻ ഓപ്പറേറ്റർ), സ്വന്തമായി ഒന്നര ഏക്കർ സ്ഥലവും വീടും. ആലോചനകൾ ക്ഷണിക്കുന്നു. 85479 72705.

പെന്തക്കോസ്ത് യുവാവ്, 36/158, കുവൈറ്റ് മിനിസ്ട്രിയിൽ നേഴ്സ്. അനുയോജ്യമായ പെന്തക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. 96056 51947.

പെന്തക്കോസ്തു യുവാവ്, 29, എം.ടെക്., ഇംഗ്ലണ്ടിൽ എഞ്ചിനീയർ (പി.ആർ.) ആലോചനകൾ ക്ഷണിക്കുന്നു. 95623 48372, 98469 45083.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്കുള്ള വാർത്തകൾ, ലേഖനങ്ങൾ, മറ്റു പംക്തികൾ, കത്തിടപാടുകൾ, മണിഓർഡറുകൾ, ചെക്ക്, ഡ്രാഫ്റ്റ് മുതലായവ ഇനിമുതൽ താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക

Disciples Good News, P.B. No: 35, Chengannur P.O.,
Alappuzha Dist, Kerala State - 689121. Ph: 0479 2452420
news@disciplesministry.com,
Our Bank Details: Disciples Good News, Federal Bank, Chengannur
A/c No: 10240200010650 IFSC Code FDRL0001024

**ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വിവാഹ പരസ്യങ്ങൾക്ക്**

₹ 500 മാത്രം (25 വാക്കുകൾ വരെ) വ്യാഴാഴ്ച തോറും പ്രസിദ്ധീകരിക്കുന്നു. പരസ്യം വ്യാഴാഴ്ചയ്ക്കകം ഓഫീസിൽ എത്തിക്കുക.

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വീക്കലി പത്രംകളറിലുള്ളത് എല്ലാ ആഴ്കളിലും എളുപ്പത്തിൽ ഇന്റർനെറ്റ് വഴി വായിക്കുവാൻ ഈ കാണുന്ന QR Code സ്മാർട്ട് ഫോണിൽനിന്നോ, ബാർകോഡ് റീഡറിൽനിന്നോ സ്കാൻ ചെയ്തു വായിക്കാവുന്നതാണ്. കൂടാതെ ഓൺലൈൻ പത്രമായ www. disciples news.comഎന്ന വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്തു വായിക്കാവുന്നതാണ്.

## ബൈബിൾ ക്വിസ്

### ബൈബിൾക്വിസ് നമ്പർ -251, ചോദ്യങ്ങൾ

1. മോശെ ഉണ്ടാക്കിയ വെള്ളി കാഹളങ്ങൾ എത്ര?
2. ശിംശോൻ ഞാണുകളെ എന്താക്കിത്തീർത്തു?
3. ഉഗ്രതയും വേഗതയുമുള്ള ഒരു ജാതി?
4. ദേഹം, ദേഹി, ആത്മാവ് എന്നിവയെക്കുറിച്ചു ഒറ്റ വാക്യത്തിൽ പറഞ്ഞിരിക്കുന്ന പുസ്തകം?
5. സൂര്യൻ കരിമ്പടം പോലെ കറുത്തു, ചന്ദ്രൻ മുഴുവൻ രക്ത തുല്യമായി തീർന്നത് എപ്പോൾ?

### ബൈബിൾക്വിസ് നമ്പർ -250 ഉത്തരങ്ങൾ

1 മോശെ (പുറ. 33:18)
2. ശൗൽ (1 ശമു. 26: 21)
3. ദാവീദ് (സങ്കീ. 18:35)
4. യെരുശലേം (യിരെ. 6:6)
5. മരണം (2 കൊരി.7:10)

Disciples Good News
P.B. No: 35, Chengannur P.O.,
Alappuzha Dist, Kerala State
Pin - 689121.

# DISCIPLES GOOD NEWS
WEEKLY

Annual Subscription. ₹.200/-
email:news@disciplesministry.com
Ph: 0479 2452420.
Licence to post without prepayment

## ജാർഖണ്ഡിൽ ആദിവാസി ക്രൈസ്തവർക്കു റേഷൻ നിഷേധിക്കുന്നു





റാഞ്ചി: ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ ഭക്ഷണ സാധനങ്ങൾക്കു വിലക്കേർപ്പെടുത്തി ജാർഖണ്ഡിലെ പ്രാദേശിക ഭരണകൂടത്തിന്റെ ഒത്താശയിൽ അധികൃതരുടെ ക്രൂരത. ജാർഖണ്ഡ് സംസ്ഥാനത്തെ ലേറ്റ്ഹർ ജില്ലയിലെ റഹ്ലഡാഗിലാണ് അനീതി നടപ്പാക്കുന്നത്. ഗ്രാമത്തിലെ ആദിവാസി ഗോത്രവിഭാഗങ്ങൾക്കനുവദിച്ച റേഷൻ ഭക്ഷണ സാധനങ്ങളാണ് ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ സാധുക്കളായ കുടുംബങ്ങൾക്ക് നിഷേധിക്കപ്പെടുന്നത്.

ഇവിടെ ചെറിയ നഗരത്തിനു സമീപമായി നൂറോളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്നു. ഇവരെല്ലാം വ്യത്യസ്ത ഗോത്രവിഭാഗക്കാരാണ്. താക്കൂർ, സോണ്ടിക്, സാ, ഉറൂൺ, ഭൃയിയാൻ എന്നീ വംശങ്ങളിൽ പെട്ടവരാണ്. ഇവർക്കുവേണ്ടി സർക്കാർ പ്രത്യേക റേഷൻ പാക്കേജ് നടപ്പാക്കിവരുന്നുണ്ട്. എന്നാൽ ഇവരിൽ 13 കുടുംബങ്ങൾ ക്രൈസ്തവ വിശ്വാസികളാണ്. ഇവർ നേരത്തെ രക്ഷിക്കപ്പെട്ടു ക്രിസ്ത്യാനികളായവരാണ്. ഇവർ പഴയ ഹിന്ദു വിശ്വാസം പാലിക്കുന്നില്ലെന്നും, പ്രദേശത്തെ ഹൈന്ദവ ഉത്സവത്തിനു സംഭവാനകൾ ഒന്നും നൽകുന്നില്ലെന്നു പറഞ്ഞാണ് ഭക്ഷണസാധനങ്ങൾ നിഷേധിക്കുവാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പ്രശ്നം പസാരർ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മുമ്പാകെ വന്നപ്പോൾ നിങ്ങൾ എന്തിനു മതംമാറിയെന്ന ചോദ്യമാണ് അധികൃതർ ഉന്നയിക്കുന്നത്. കൂടാതെ ദുർഗ്ഗ ഫെസ്റ്റിവലിനു തങ്ങൾ 551 രൂപ നൽകണമെന്നു ചിലർ ആവശ്യപ്പെടുന്നു.

## ടെൻഷൻ അടിക്കുമ്പോൾ പൂച്ചയെ തലോടാം; വാലാട്ടി സ്നേഹം തരും; തലയണ പൂച്ചകൾ വിപണിയിൽ



ടോക്കിയോ: മാനസിക പിരിമുറുക്കം അനുഭവിക്കുന്നവർ അനേകരാണ്. അതിൽ നിന്നും മോചനം നേടാനായി പലരും പലവിധ മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. ചിലർ പാട്ടു പാടും, വിനോദങ്ങളിൽ ഏർപ്പെടാൻ ശ്രമിക്കും, മരുന്നുകളിൽ ആശ്രയിക്കും. എന്നാൽ മറ്റു ചിലർ വളർത്തു മൃഗങ്ങളുടെ മൃദുവായ രോമങ്ങളിലൂടെ തലോടുകയാണ് ചെയ്യാറുള്ളത്. അവ വാലാട്ടി നമ്മോട് സ്നേഹം കാട്ടുന്നു. പക്ഷെ ഇതിനു പരിധികളുമുണ്ടുതാനും. വളർത്തു മൃഗങ്ങളെ മനുഷ്യരുടെ കിടക്കമേൽ കൊണ്ടുവന്നു തലോടാൻ സാധിക്കില്ലല്ലൊ. ഈ വിഷമം അനേകരെ അലട്ടുന്നുമുണ്ട്. ഇതിന് ഒരു പരിഹാരം കണ്ടെത്തിയിരിക്കുകയാണ് ഒരു ജാപ്പനീസ് കമ്പനി. തലയില്ലാ പൂച്ചകളാണ് ഇപ്പോൾ വിപണിയിൽ എത്തിയിരിക്കുന്നത്. റോബോട്ടിക് വാലുകൾ ഉപയോഗിച്ചുള്ളതാണ് ഈ പൂച്ചകൾ. ജാപ്പനീസ് കമ്പനിയായ യുക്കായി എഞ്ചിനിയറിംഗ് ആണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഈ തലയില്ലാ പൂച്ചയെ നിർമ്മിച്ചിരിക്കുന്നത്. കൂബോ എന്നാണ് ഇവയ്ക്ക് പേരിട്ടിരിക്കുന്നത്. ടെൻഷൻ വരുമ്പോൾ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു വിഷാദിക്കേണ്ട. കൂബോ നിങ്ങളുടെ കടക്കയിൽ നിങ്ങൾക്ക് ആശ്വാസം നൽകുമെന്നാണ് കമ്പ

ശേഷം പേജ് 6 ൽ ▶

## ഇന്തോനേഷ്യയിൽനിന്നും ക്രൈസ്തവർ നാടുകടത്തപ്പെടുന്നു



ന്യൂഹാംപ്ഷയർ: ഇന്തോനേഷ്യൻ ദ്വീപിൽ നിന്നും ക്രൈസ്തവർ നാടുകടത്തപ്പെടുന്നു. ഇന്തോനേഷ്യയിൽ നിന്നും ഇംഗ്ലണ്ടിലെ ന്യൂ ഹാംപ്ഷയർ എന്ന നഗരത്തിലേക്കാണ് ക്രൈസ്തവർക്കെതിരെയുള്ള പീഢനങ്ങൾ വർദ്ധിച്ചതിനാൽ വിശ്വാസികൾ നാടുകടത്തപ്പെടുന്നത്. ദ്വീപിൽ ഏകദേശം 20,000 ത്തോളം ചൈനീസ്, ഇന്തോനേഷ്യൻ ക്രൈസ്തവർ താമസിക്കുന്നുണ്ട്. ഇവിടെ ഭൂരിപക്ഷ മതമായ ഇസ്ലാമിക വിഭാഗക്കാർ ക്രൈസ്തവരെ തിരഞ്ഞുപിടിച്ച് ആക്രമിക്കുക പതിവാണ്. 1998 മുതൽ ഏകദേശം 1000 ത്തോളം ആളുകൾ കൊല്ലപ്പെടുകയുണ്ടായി. ഇവിടത്തെ സാധാരണക്കാരായ ക്രൈസ്തവർ ഫാക്ടറികളിൽ ജോലി ചെയ്യുന്നവരാണ്. ചിലർ സാധാരണ തൊഴിലാളികളും. നിരവധി പേർ പാസ്റ്റർമാരായി സേവനം അനുഷ്ഠിച്ചു വരുന്നു. മതവിദ്വേഷത്തിന്റെ പേരിൽ നിരപരാധികൾ പീഢിപ്പിക്കപ്പെടുന്നു. നീതി നിഷേധിക്കപ്പെടുന്നു. പലരും മറ്റു രാഷ്ട്രങ്ങളിൽ അഭയം തേടുകയാണ്.

## ബ്ലസിംഗ് ഗാസിയാബാദ്

ഗാസിയാബാദ്: ഗാസിയാബാദ് ഐപിസി കർമ്മേൽ ചർച്ചിന്റെയും ഗാസിയാബാദ് ഡിസ്ട്രിക്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ സമീപ സ്ഥലങ്ങളിലെ വിവിധ പെന്തക്കോസ്തു സഭകളെ സഹകരിപ്പിച്ചുകൊണ്ട് 12-ാമതു ബ്ലസിംഗ് ഗാസിയാബാദ് കൺവൻഷൻ നവംബർ 4-5 വരെ സെക്ടർ 23 രാംലീല മൈതാനത്തു നടക്കും. പാസ്റ്റർ സാമുവേൽ എം. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ വി. ഒ. വർഗീസ് പ്രസംഗിക്കും. ഐപിസി ഡൽഹി സ്റ്റേറ്റ് ഗായക സംഘം 'ദി ഹെവൻലി ബീറ്റ്സ്' ഗാനങ്ങൾ ആലപിക്കും. ഞായറാഴ്ച പകൽ ഐപിസി ഗാസിയാബാദ് ഡിസ്ട്രിക്ടിലെ പ്രാദേശിക സഭകളുടെ സംയുക്തസഭായോഗം കൺവൻഷൻ നഗറിൽ നടക്കും. തിങ്കളാഴ്ച പകൽ 10-1 വരെ കർമ്മേൽ ചർച്ചിൽ ശുശ്രൂഷക സമ്മേളനം ഉണ്ടായിരിക്കും. പാസ്റ്റർമാരായ കെ. ജോയി, എ.റ്റി. ജോസഫ് അരീപ്പറമ്പ് എന്നിവർ നേതൃത്വം നൽകും. യു.പി.യിലെ വലിയ ആത്മീയ സംഗമങ്ങളിൽ ഒന്നാണിത്.

ശുഭദിനം

ഒക്ടോബർ, നവംബർ, ഡിസംബർ – 2017
പ്രതിദിന ചിന്തകൾ

വില 50 രൂപ




ഡിസൈപ്പിൾസ് മിനിസ്ട്രി പ്രസിദ്ധീകരണം
E.mail: subhadinam1@gmail.com
Ph: 0091 479 2452420, Mob: 0091 9847370509
www.disciplesministry.com

ശുഭദിനം പ്രിന്റഡ് കോപ്പി ലഭ്യമാണ്.
ആവശ്യമുള്ളവർ താഴെകാണുന്ന
വിലാസത്തിൽ ബന്ധപ്പെടുക.

Disciples Ministry, Room No:20,
Karingattil Bldg., Bethel Jn. Chengannur
P.O., Alappuzha Dist, Kerala State
Pin - 689121.

contact: 09847370509,
09947737975, 0097339864665

*Printed, Published and owned by Shaji Sukumaran, Room No.20, Karingattil Bldg, Bethel Jn.,Chengannur p.o, Chengannur, Alappuzha Dist, Kerala State 68912.*
*Printed at Silver Jubilee Memorial Offset press , Manjadi p.o, and Published at Room No.20, Karingattil Bldg, Bethel Jn.,Chengannur p.o,*
*Chengannur, Alappuzha Dist, Kerala State 689121. Editor Shaji Sukumaran.*